ശ്രീ. എം. നാരായണക്കുറുപ്പ് : ഇക്കൊല്ലംതന്നെ അതിന് ഫലമുണ്ടാകുമോ എന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇക്കൊല്ലംതന്നെ അതിന്റെ പണി ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ : അമ്പലപ്പാറ ആശുപത്രിക്ക് ഒരു കെട്ടിടമുണ്ടായിരുന്നിട്ടും അവിടെ സ്ഥലം പോരാ എന്നു കണ്ടതിന്റെ ഫലമായിട്ട് മറ്റൊരു സ്ഥലത്തേക്ക് ആശുപത്രി മാറ്റാൻ തീരുമാനിക്കയുണ്ടായി എങ്കിലും പാലക്കാട്ട് ഡി. എം. ഒ. അവിടെ ചില കുഴപ്പങ്ങൾ കാണിച്ചതുകൊണ്ട് ഈ കെട്ടിടം പണികഴിഞ്ഞു നീണ്ടുപോയതാണെന്നും ഈ അനാശാസ്യ സംഭവങ്ങളുടെ ഫലമായിട്ടുവന്ന താമസമാണെന്നും അതിന് സ്ഥലംകൊടുക്കാൻ തയാറായിവന്നിട്ട് അതു സമ്മതിക്കാതിരിക്കുന്നതിന്റെ ഫലമായിട്ടാണ് ഇപ്പോഴും ഒരു കെട്ടിടത്തിന്റെ മുകളിൽ ആശുപത്രി നടത്തുന്നതു് എന്നുള്ളതു കൊണ്ട് അതിലേക്ക് അടിയന്തിരമായിട്ട് നടപടി നടത്തുമോ ?

ശ്രീ. എം. പി ഗോവിന്ദൻ നായർ : അടിയന്തിരമായിട്ട് ആശുപത്രി കെട്ടിടനിർമ്മാണം നടപ്പാക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. സി. ഏബ്രഹാം : മറ്റു ദിക്കുകളിലും ഈ വാടകക്കെട്ടിടങ്ങളിലും സ്ഥാപിച്ചുനടത്തിവരുന്ന ആശുപത്രികൾ ഗവണ്മെന്റുവക കെട്ടിടങ്ങളിൽ സ്ഥാപിക്കാൻ നടപടി എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എല്ലാ സ്ഥലത്തും എല്ലാ വാടകക്കെട്ടിടങ്ങളിൽ നടത്തുന്ന ഗവണ്മെന്റു സ്ഥാപനങ്ങൾക്കും കെട്ടിടമുണ്ടാക്കണമെന്നാണ് ഗവണ്മെന്റു വിചാരിക്കുന്നതു്. അതിലേക്ക് ഒരു ഫേസ്ഡ് പ്രോഗ്രാമനുസരിച്ചു എല്ലാം ഉണ്ടാക്കുന്നതാണ്.

എക്സറേ ജീവനക്കാർക്ക് പ്രൊട്ടക്ഷൻ ഉപകരണങ്ങൾ.

* 877. [19] ശ്രീ എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) എക്സറേയിൽ പ്രവർത്തിക്കുന്ന ജീവനക്കാക്ക് റേഡിയേഷനിൽ നിന്നും ശരിയായ സംരക്ഷണം ലഭിക്കുന്നതിനാവശ്യമായ പ്രൊട്ടക്ഷൻ ഉപകരണങ്ങൾ കൊടുക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) റേഡിയേഷനിൽനിന്നും ജീവനക്കാരുടെ ആരോഗ്യസ്ഥിതി ശരിയാംവണ്ണം നിലനിർത്തുന്നതിന് അവരുടെ റിസ്ക് അലവൻസ് വർദ്ധിപ്പിക്കുവാൻ ദയവുണ്ടാകുമോ ;

(സി) ഇതര സംസ്ഥാനങ്ങളിൽ കൊടുക്കുന്ന മാതിരി എക്സറേ ജീവനക്കാർക്ക് കമ്പൻസേഷൻ ലീവ് ഇവിടെയും നടപ്പിൽ വരുത്തുവാൻ ദയവുണ്ടാകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) കൂടുതൽ റേഡിയേഷനു സാദ്ധ്യതയുള്ള സ്ഥാപനങ്ങളിൽ എക്സറേ പ്രൊട്ടക്ഷൻ കസേരകളും, സ്ക്രീനും കൊടുക്കുകയുണ്ടായിട്ടുണ്ട്. അതിനു പുറമെ, എക്സറേയുള്ള സ്ഥാപനങ്ങളിൽ റേഡിയോപ്രസരം ഇടയ്ക്കിടെ പരിശോധിക്കുന്നതിനുവേണ്ടി എക്സറേ സംരക്ഷണസേവനവും, ഫിലിംബാഡ്ജ് സേവനവും അറേഞ്ചുമിക്കു് എനർജിക്കമ്മിഷനെക്കൊണ്ടു് ഏർപ്പാടു ചെയ്തിട്ടുണ്ട്.

(ബി) റിസ്ക് അലവൻസു് വർദ്ധിപ്പിക്കുന്നതിനെപ്പറ്റിയുള്ള നടപടികളൊന്നും ഇപ്പോൾ ആലോചനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പതിനൊന്നു മാസം തുടർച്ചയായി എക്സ്ട്രാ വിഭാഗത്തിൽ ജോലി ചെയ്യുന്ന എക്സ്ട്രാ റേഡിയം ജോലിക്കാർക്കു് ഒരു മാസത്തെ നിർബന്ധ അവധി (കമ്പൽസറി ലീവു്) ശമ്പളത്തോടുകൂടി അനുവദിക്കുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. എം നാരായണക്കുറുപ്പു് : ഇന്നു ഈ എക്സ്ട്രായിലും അതുമായി ബന്ധപ്പെട്ട എല്ലാ ജോലിക്കാർക്കും റിസ്കു് അലവൻസു് ലഭിക്കുന്നുണ്ടോ; വല്ലവർക്കും അതു ലഭിക്കുന്നില്ല എന്നു പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ എം. പി. ഗോവിന്ദൻ നായർ: ഇപ്പോൾ അവിടെ ജോലിചെയ്യുന്ന എല്ലാവർക്കും risk allowance ലഭിക്കുന്നുണ്ടു്. മെഡിക്കൽ ആഫീസർക്കു 75 രൂപയും, അസിസ്റ്റൻറു് സർജ്ജനു് 50 രൂപയും, 125—200 രൂപാ ശമ്പളമുള്ള നഴ്സുകൾക്കു് 25 രൂപയും, 60—150 രൂപാ ശമ്പളമുള്ള നഴ്സുകൾക്കു് 20 രൂപയും ഇങ്ങനെ എല്ലാവർക്കും റിസ്കു് അലവൻസു് കൊടുക്കുന്നുണ്ടു്.

ശ്രീ. പി. സി. ആദിച്ചൻ : സ്പീക്കർ, ഒരു പോയിൻറു് ആഫ് ആർഡർ. ഇവിടെ ഞങ്ങൾ ചോദ്യങ്ങൾ ചോദിക്കുന്നുണ്ടു്. അങ്ങനെ ചോദ്യങ്ങൾ ചോദിച്ചുകഴിഞ്ഞാൽ അതിനു ശരിയായ ഉത്തരം കിട്ടുമെന്നുള്ള പ്രതീക്ഷയിൽ ആണു് അങ്ങനെ ചോദിക്കുന്നതു്. എന്നാൽ അതിനു സത്യവിരുദ്ധങ്ങളായ ഉത്തരങ്ങളാണു് ഇവിടെ കിട്ടുന്നതു് എന്നു ഞാൻ അറിയിക്കുകയാണു്. ഉദാഹരണമായിട്ടു ശാസ്താംകോട്ട എൻ. ഇ. എസ്. ബ്ലോക്കിലെ വിദ്യാഭ്യാസത്തിനായിട്ടുള്ള തുകയിൽ നിന്നും മണ്ണടിയിലുള്ള വെൽഫെയർ സ്റ്റേഷനുകെട്ടിടത്തിനു് തുക അനുവദിച്ചിട്ടുണ്ടോ, ആ പണം ഉപയോഗിച്ചു കെട്ടിടം പണിയുന്നുണ്ടോയെന്നു ചോദിച്ചതിനു്, മന്ത്രി അറിയുകയില്ലെന്നാണു് പറഞ്ഞതു്. സർ, ഹരിജനക്ഷേമവകുപ്പു് ഡയറക്ടറുടെ അനുവാദംകൂടി ലഭിച്ചതിന്റെ ശേഷമാണു് ബ്ലോക്കിൽനിന്നും പണം അനുവദിക്കുന്നതു്. ബ്ലോക്കു ഫണ്ടിൽ നിന്നും, ഏതെല്ലാം വെൽഫെയർ സ്കൂളിനു് പണം അനുവദിച്ചിട്ടുണ്ടെന്നു ചോദിച്ചാൽ, പൂർണ്ണമായതും ശരിയായതും ആയ മറുപടി ബഹുമാനപ്പെട്ടമന്ത്രി നൽകേണ്ടതായിരുന്നു. അതുപോലെതന്നെ, ഹരിജനക്ഷേമവകുപ്പു ഡയറക്ടറേറ്റ് ആഫീസിൽ, ഏതെല്ലാം തസ്തികയിൽ എത്ര ഉദ്യോഗങ്ങൾ, ഏതെല്ലാം സമുദായത്തിൽനിന്നു് ഉണ്ടു് എന്നു ഞാൻ ചോദിച്ചിരുന്നു. അതിനു ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ പുലയസമുദായത്തിൽനിന്നും ഒരു സൂപ്രണ്ടു ഉണ്ടു് എന്നു കാണുന്നു. സത്യത്തിൽ രണ്ടു സൂപ്രണ്ടന്മാർ പുലയസമുദായത്തിൽപെട്ടവർ ഉണ്ടു്. രണ്ടു് എന്നുള്ളതാണു് ശരിയെങ്കിൽ എന്തു ഉദ്ദേശത്തോടുകൂടിയാണു് ഒരു സൂപ്രണ്ടു് എന്നു മറുപടി നൽകിയതു്.

മരാമത്തുവകുപ്പുമന്ത്രിയോടു ചോദിച്ച ഒരു ചോദ്യത്തിനു്, അദ്ദേഹം മറുപടി പറയുകയാണു്, ആനന്ദപ്പള്ളി കൊടുമൺ റോഡിൽ പ്രൈവറ്റു ബസ്സു് ഓടുന്നില്ലാ എന്നു്. പ്രസ്തുത റോഡു മെറ്റലിട്ടു തുടങ്ങിയിരിക്കുന്നുവെന്നു്. ഇതു് സത്യമായി വിദൂരബന്ധംപോലും ഇല്ല. സർ, ആനന്ദപ്പള്ളി കൊടുമൺ റോഡിൽകൂടി ''ലൗലി'' എന്ന ബസ്സു് ഓടുന്നുണ്ടു്. ആ ബസ്സു് ഓടിക്കുന്നവകയിൽ ടാക്സു് അടയ്ക്കുന്നുണ്ടു്. അതിനു ഗവണ്മെൻറുപക്കൽ രേഖയുള്ളതാണു്. എന്നിട്ടു മന്ത്രി പറയുന്നു, ആ റോഡിൽകൂടെ ബസ്സു് ഓടുന്നില്ലയെന്നു്. അതുപോലെതന്നെ ആ റോഡിൽ മെറ്റൽ ഇട്ടുതുടങ്ങിയെന്നു്. ഇതിൽപരം ഒരസത്യം വേറെയില്ല. ഈ മരാമത്തുമന്ത്രിയെ അവഹേളന പാത്രമാക്കുന്നതിനുവേണ്ടി ഉത്തരം തയ്യാറാക്കിയവർ കരുതിക്കൂട്ടി ചെയ്തിട്ടുള്ളതാണു്.

സർ, ഇതിടെ ഞാൻ കേട്ടതാണു്, ഇപ്രകാരം ചോദ്യങ്ങൾക്കു് ഉത്തരം തയ്യാറാക്കുന്ന ക്ലാർക്കന്മാരിൽ ചിലർ പറയുന്നതു്. ''ഞങ്ങൾ എഴുതി അയയ്ക്കുന്ന ഉത്തരങ്ങൾ കേട്ടു തൃപ്തിയടയുന്ന മെമ്പറന്മാരാണല്ലോ ഇന്നു് അസംബ്ലിയിൽ ഉള്ളതു്'' എന്നു്. അതു ആക്ഷേപകരമായിട്ടാണു് ഇന്നത്തെ നിയമസഭാ സാമാജികന്മാരെപ്പറ്റി അവർ വിചാരിക്കുന്നതു്. അതുകൊണ്ടു് ഞാൻ പറയുന്നതു് ബഹുമാനപ്പെട്ട മന്ത്രിമാർ, പൂർണ്ണമായിട്ടും, സത്യസന്ധമായിട്ടും ഉള്ള മറുപടി പറയാൻ തയ്യാറായിവേണം സഭയിൽ ഹാജരാകാൻ. ചില ചോദ്യങ്ങൾക്കു്, അങ്ങനെയുള്ള മറുപടി ലഭിക്കുന്നില്ല. അതുകൊണ്ടു് ഏതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

മറുപടി പറഞ്ഞാൽ മതിയോ അതോ സത്യവും വ്യക്തവും പൂർണ്ണവുമായ മറുപടി നൽകേണ്ടതല്ലയോ ? ഇതിനെപ്പറ്റി ബഹുമാനപ്പെട്ട സ്പീക്കർ ഒരു റൂളിംഗ് തരണം എന്ന് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ നിയമസഭയിൽ മന്ത്രിമാർ കൊടുക്കുന്ന ഉത്തരങ്ങളും എല്ലാം യാതൊരു സത്യവുമില്ലാതെ, സത്യവുമായി വിദൂരബന്ധം പോലുമില്ലാത്തതാണെന്നു് ഒരു ബഹുമാനപ്പെട്ട മെമ്പർക്കു പറയാമോ എന്നുള്ളതിനെക്കുറിച്ചുകൂടി ഒരു റൂളിംഗ് കിട്ടണം.

മി. സ്പീക്കർ : മെമ്പറന്മാർ ചോദ്യങ്ങളും ചോദിക്കുന്നതു വസ്തുതകളും അറിയാൻവേണ്ടിയാണു്. അതിനു ഗവണ്മെൻറിന്റെ കൈവശമുള്ള വസ്തുതകളും തരും. അതിൽ വല്ല തെറ്റുകളും ഉണ്ടെങ്കിൽ അതു തിരുത്താൻ മാർഗ്ഗമുണ്ടാക്കാം. അല്ലാതെ മനഃപൂർവ്വമായി സത്യവിരുദ്ധമായ ഇൻഫർമേഷൻ തരുന്നു എന്നുപറയുന്നതു ശരിയല്ല.

ശ്രീ. സി. അച്യുതമേനോൻ : പക്ഷേ, അതിൽ വളരെ കാര്യമായ ഒരു സംഗതിയുണ്ടു്. ഈ മന്ത്രിമാർ കൊടുക്കുന്ന information ചിലതെല്ലാം അനുഭവത്തിൽ തെറ്റാണെന്നുപോലും സ്പഷ്ടമാകുന്നു. അതുകൊണ്ടു് മേലാൽ അങ്ങനെ ശ്രദ്ധിച്ചുവേണം മറുപടി പറയാൻ, ശരിയായിട്ടുള്ള വസ്തുതകൾതന്നെ തരാൻ ശ്രമിക്കണമെന്നാണു് അദ്ദേഹം പറഞ്ഞതിന്റെ ഉദ്ദേശം. അതു എകു്സ്പ്രസ് ചെയ്ത രീതിയിൽ അങ്ങനെ വന്നുപോയതാണു്.

മി. സ്പീക്കർ : തെറ്റായിട്ടുള്ള മറുപടികളാണു് കിട്ടീട്ടുള്ളതെങ്കിൽ അതു സംബന്ധിച്ചു ശരിയായവിവരം കൊടുത്താൽ മന്ത്രി അതുസംബന്ധിച്ചു അന്വേഷിക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. കഴിയുന്നതു വസ്തുനിഷ്ഠമായ മറുപടി തരാൻ ഗവണ്മെൻറു ബാദ്ധ്യസ്ഥമാണു്.

UNSTARRED QUESTIONS AND ANSWERS

ശുദ്ധജലവിതരണപദ്ധതി.

299. [6] ശ്രീ. പി. എസു്. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ ശുദ്ധജലവിതരണപദ്ധതികളും അനുവദിച്ചിട്ടുണ്ടു് ;

(ബി) എഴുപുന്നപഞ്ചായത്തിൽ അനുവദിച്ചതിന്റെ പണി ഏതു നിലയിലിരിക്കുന്നു ;

(സി) അവിടെ ഒരു ഓവർ ഹെഡ്ടാങ്കുകെട്ടി എഴുപുന്നപഞ്ചായത്തിലുള്ള നീണ്ടകര മുതലായ തീരപ്രദേശമുൾപ്പെടെയുള്ള സ്ഥലങ്ങളിലേക്കു് ശുദ്ധജലം കൊടുക്കുന്നതിനു് വേണ്ട ഏർപ്പാടു ചെയ്യുവാൻ ദയവുണ്ടാകുമോ ?

ഉത്തരം.

(എ) അരൂർ നിയോജകമണ്ഡലത്തിൽ ഒരു പഞ്ചായത്തിലും ശുദ്ധജല വിതരണപദ്ധതി അനുവദിച്ചിട്ടില്ല.

(ബി) എഴുപുന്ന പഞ്ചായത്തിൽ അനുവദിച്ചിരുന്ന കുഴൽകിണറിന്റെ പണി പൂർത്തിയായി. ഉപ്പുരസമുള്ളതിനാൽ അതിലെ വെള്ളം ഉപയോഗശൂന്യമാണു്.

(സി) ഉപ്പുരസമുള്ളതിനാൽ കുഴൽകിണറിലെ വെള്ളം വിതരണം നടത്തുന്നതിനു് പറ്റിയതല്ല. ശുദ്ധജലം ലഭിക്കുന്ന സ്ഥിരം ഉറവയെപ്പറ്റി അന്വേഷണം നടത്തിവരികയാണു്.

LIBRARY ARCHIVES Kerala Legislative Assembly